# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5082 04.07.2012 -ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വർഗ്ഗീയ സംഘർഷവുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഇ. ചന്ദ്രശേഖരൻ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വർഗ്ഗീയ സംഘർഷവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) 2003 മുതൽ 2012 മേയ് മാസം വരെ കാസർഗോഡ് ജില്ലയിൽ വർഗ്ഗീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് 466 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഇതിൽ ചാർജ് ഷീറ്റ് നൽകിയവയും വിചാരണ നടക്കുന്നവയും എത്ര വീതമാണെന്നും ഇവയിലെല്ലാം കൂടി എത്ര പ്രതികൾ ഉണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) 466 കേസുകളിൽ 174 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 124 കേസുകൾ നിലവിൽ വിചാരണ നടക്കുന്നവയാണ്. ആകെ 2141 തിരിച്ചറിഞ്ഞ പ്രതികൾ ഉണ്ട്. |
| സി) ഇവയിൽ ഇന്നേവരെ ശിക്ഷിക്കപ്പെട്ട കേസുകൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെന്നും അറിയിക്കാമോ ; | (സി) ശിക്ഷിക്കപ്പെട്ടിട്ടില്ല. |
| ഡി) ഇവയിൽ പിൻവലിക്കപ്പെട്ട കേസുകൾ ഉണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെന്നും അറിയിക്കാമോ ? | (ഡി) ഇവയിൽ 9 കേസുകൾ പിൻവലിച്ചിട്ടുണ്ട്. കൂടാതെ 7 കേസുകൾ കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ